**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 6** **23-08-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ മരുന്നുക്ഷാമം രൂക്ഷമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചില മരുന്നുകൾക്ക് ലഭ്യതക്കുറവ് നേരിട്ടിരുന്നു. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് ആശുപത്രികളിലെ മരുന്നുകളുടെ ഉപഭോഗത്തിൽ വലിയ വ്യത്യാസങ്ങൾ ഉണ്ടായി. രണ്ട് വർഷത്തോളം മിക്ക ആശുപത്രികളും പൂർണ്ണമായി കോവിഡ് ആശുപത്രികളായി പ്രവർത്തിച്ചു. കോവിഡ് ആശുപത്രികളായി പ്രവർത്തിച്ചിരുന്നയിടങ്ങളിൽ കോവിഡേതര മരുന്നുകളുടെ ഉപഭോഗം ഇക്കാലഘട്ടത്തിൽ കുറവായിരുന്നു. അതുകൊണ്ടു തന്നെ 2020-21, 2021-22 വർഷങ്ങളിൽ സംഭരിച്ച ജനറിക് മരുന്നുകൾ പല ആശുപത്രികളിലും സംഭരണ കേന്ദ്രങ്ങളിലും സ്റ്റോക്കുണ്ടായിരുന്നു. കോവിഡിനെ തുടർന്ന് സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന രോഗികളുടെ എണ്ണത്തിൽ വലിയ വർദ്ധനവ് ഉണ്ടായി. പനി, മൂക്കടപ്പ്, ചുമ മുതലായവയ്ക്കുള്ള മരുന്നുകൾ വലിയതോതിൽ ഉപയോഗിക്കപ്പെടുന്ന സാഹചര്യം ഉണ്ടായി. ആശുപത്രികൾ നൽകുന്ന ഇൻഡന്റിലും ഈ ഏറ്റക്കുറച്ചിലുകൾ പ്രതിഫലിക്കപ്പെട്ടു. ഈ സാഹചര്യം വിലയിരുത്തി പ്രസ്തുത മരുന്നുകൾ ലഭ്യമായ മറ്റ് ജില്ലകളിലെ സ്ഥാപനങ്ങളിൽ നിന്നും, കോർപ്പറേഷന്റെ ജില്ലാ മരുന്ന് സംഭരണ കേന്ദ്രങ്ങളിൽ നിന്നും കൈമാറ്റ പ്രക്രിയയിലൂടെ ടി ഇനങ്ങൾക്ക് കുറവ് നേരിട്ട ജില്ല / സ്ഥാപനങ്ങളിൽ എത്തിച്ചിട്ടുണ്ട്. ഇതു കൂടാതെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേനയും, സമാന കോർപ്പറേഷൻ മുഖേനയും മരുന്നുകൾ സംഭരിച്ചു നൽകിയിട്ടുണ്ട്. വിവിധ സ്കീമുകളിലൂടെയും രോഗികൾക്ക് മരുന്ന് ലഭ്യമാക്കി വരുന്നുണ്ട്. |
| (ബി) | സർക്കാർ ആശുപത്രികൾക്ക് വേണ്ട മരുന്നുകൾ വാങ്ങി വിതരണം ചെയ്യുന്നതിൽ മെഡിക്കൽ | (ബി) | സാധാരണയായി അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്നിന്റെ ടെണ്ടർ നടപടികൾ |

| | | | |
|---|---|---|---|
| | സർവ്വീസസ് കോർപ്പറേഷന് വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | | നവംബർ, ഡിസംബർ മാസങ്ങളിലാണ് ആരംഭിക്കുന്നത്. പർച്ചേസ് ഓർഡർ ലഭിച്ച് 70 ദിവസത്തിനകം മരുന്ന് ലഭ്യമാക്കണമെന്നാണ് മാനദണ്ഡം. ഒരു സാമ്പത്തിക വർഷം ലഭ്യമാക്കിയ മരുന്നുകൾ ആ സാമ്പത്തിക വർഷം കഴിഞ്ഞ് ആഗസ്റ്റ് വരെ ഉപയോഗത്തിന് ലഭ്യമാകാറുണ്ട്. നടപ്പ സാമ്പത്തിക വർഷം (2022-23)സർക്കാർ ആശുപത്രികൾക്ക് ആവശ്യമായ ജനറിക് മരുന്നുകൾ സംഭരിച്ച് നൽകുന്നതിനുള്ള ദർഘാസ് 04.12.2021-ന് ക്ഷണിച്ചിരിന്നു. |
| (സി) | മരുന്നുക്ഷാമം പരിഹരിക്കുന്നതിനായി ആശുപത്രി മേധാവികൾ മറ്റ് ഫണ്ടുകൾ കണ്ടെത്തി മരുന്ന് വാങ്ങണമെന്ന് നിർദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദേശം എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | കെ.എം.എസ്.സി.എൽ-ലൂടെ ലഭ്യമല്ലാത്ത അവശ്യ മരുന്നുകൾ മുൻകാലങ്ങളിലെ പോലെ വിവിധ സ്കീമുകളിലൂടെ രോഗികൾക്ക് ലഭ്യമാക്കുന്നുണ്ട്. |
| (ഡി) | പനിയും മറ്റ് രോഗങ്ങളും വ്യാപകമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മരുന്നുക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | അവശ്യമായ മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേനയും, വിവിധ സ്കീമുകൾ മുഖേനയും ലഭ്യമാക്കി വരുന്നു. കൂടാതെ നടപ്പ് സാമ്പത്തിക വർഷത്തെ ദർഘാസ് പ്രകാരം നല്കിയ ആദ്യഘട്ട വിതരണോത്തരവുകളനുസരിച്ചുള്ള മരുന്നുകളുടെ വിതരണം ആഗസ്റ്റ് മാസം 30 ഓടെ പൂർണ്ണതോതിൽ എത്തിക്കുന്നതിന് കോർപ്പറേഷന്റെ ഭാഗത്തുനിന്നും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ